



## പോത്തുണ്ടി തിരുത്തംപാടം ബോയൻ കോളനി സജിതയുടെ കൊലപാതകം പ്രതി പിടിയിൽ

. പോത്തുണ്ടി തിരുത്തംപാടം ബോയൻ കോളനിയിൽ സുധാകരന്റെ ഭാര്യ 35 വയസ്സുള്ള സജിതയെ വെട്ടി കൊലപ്പെടുത്തിയ കേസിൽ പ്രതി ചെന്താമര വയസ്സ് 52, S/O ചാമുണ്ണി , തിരുത്തംപാടം , ബോയൻ കോളനി , പോത്തുണ്ടി എന്നയാളെ അന്വേഷണസംഘം അറസ്റ്റ് ചെയ്തു.

ആലത്തൂർ ഡി.വൈ.എസ്.പി കെ.എം ദേവസ്യ , നെന്മാറ ഇൻസ്പെക്ടർ ദീപകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം സംഭവസ്ഥല പരിസരത്തുള്ളവരെ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണമാണ് സജിതയുടെ അയൽവാസിയായ ചെന്താമരയിലേക്ക് എത്തിച്ചത്. ഭാര്യയും കുട്ടിയുമായി പിരിഞ്ഞ് കഴിയുന്ന പ്രതി , കുടുംബ പ്രശ്നങ്ങൾക്ക് കാരണം സജിതയുൾപ്പെടെയുള്ള അയൽവാസികളാണ് എന്ന ധാരണയിലുള്ള വൈരാഗ്യത്തിലാണ് സ്ഥലത്ത് ആളുകളൊന്നും ഇല്ലാത്ത സമയം നോക്കി സജിതയുടെ വീട്ടിലെത്തി കൊലപാതകം നടത്തിയത്. അന്വേഷണത്തിൽ തെളിവുകളും നാട്ടുകാരുടെ മൊഴികളും പ്രതിയിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു. സംഭവസ്ഥലത്ത് നിന്നും കടന്നു കളഞ്ഞ പ്രതിക്ക് വേണ്ടി പോത്തുണ്ടിയുടെ പരിസര പ്രദേശങ്ങളിലും , സമീപത്തെ മലകളിലും, വനത്തിലും പോലീസ് സംഘങ്ങളായി തിരിഞ്ഞ് നാട്ടുകാരുടെ സഹായത്തോടെ തിരച്ചിൽ നടത്തിയിരുന്നു. കൊലപാതകത്തിന് ശേഷം മലമുകളിലെ വനത്തിൽ ഒളിച്ചിരുന്ന പ്രതി വനത്തിൽ പോലീസ് തിരച്ചിൽ നടത്തുന്നുണ്ടെന്ന് മനസ്സിലാക്കി ഇന്നലെ രാത്രിയായതോടെ കാടിന് പുറത്തിറങ്ങിയ സമയം പരിസര പ്രദേശങ്ങളിൽ നിരീക്ഷണം നടത്തിയിരുന്ന പോലീസ് സംഘം പ്രതിയെ തന്ത്രപരമായി കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. പ്രതിയെ ചോദ്യം ചെയ്തതിൽ നിന്നും, കുടുബ പ്രശ്നങ്ങൾക്കും , ഭാര്യയും

കുട്ടിയും പിണങ്ങി പോയതും അയൽവാസിയായ സജിതക്കും മറ്റ് ചില അയൽ വാസികൾക്കും പങ്കുണ്ട് എന്നുള്ള ധാരണയിലുള്ള വൈരാഗ്യത്തിലാണ് കൊലപാതകം നടത്തിയത് എന്ന് കുറ്റസമ്മതം നടത്തിയിട്ടുള്ളതാണ്. പ്രതിയെ സംഭവ സ്ഥലത്ത് കൊണ്ടു പോയി തെളിവെടുപ്പ് നടത്തി . കൊലപാതകത്തിന് ഉപയോഗിച്ച വെട്ടുകത്തി  പ്രതിയുടെ വസ്ത്രങ്ങൾ എന്നിവ പേലീസ് കണ്ടെടുത്തിട്ടുണ്ട്.


വീട്ടമ്മയുടെ കൊലപാതകം:
അയൽവാസി അറസ്റ്റിൽ

തൃശ്ശൂർ റേഞ്ച് ഡെപ്യൂട്ടി ഇൻസ്പക്ടർ ജനറൽ ഓഫ് പോലീസ് കെ.സുരേന്ദ്രൻ, പാലക്കാട് ജില്ലാ പോലീസ് മേധാവി ജി. ശിവവിക്രം എന്നിവരുടെ മേൽനോട്ടത്തിൽ ആലത്തൂർ ഡി.വൈ.എസ്.പി  കെ.എം.ദേവസ്യ ,നെന്മാറ ഇൻസ്പെക്ടർ എ.ദീപകുമാർ , സബ്ബ് ഇൻസ്പെക്ടർ ആർ.രജീഷ്, എം.സി.ഗോപകുമാർ, എ.എസ്.ഐ. എം.വി.ജോയി, സുൽത്താൻ സിവിൽ പോലീസ് ഓഫീസർമാരായ ആർ. രാജേഷ്, ബി.ഷിബു, കെ.ലൈജു, എസ്.സുഭാഷ്, ആലത്തൂർ ഡി.വൈ.എസ്.പിയുടെ പ്രത്യേക അന്വേഷണ സംഘത്തിലുൾപ്പെട്ട റഹിം മുത്തു, കൃഷ്ണദാസ്.കെ, സന്ദീപ്.പി , രാജീദ്.ആർ സൂരജ്ബാബു.യു, ദിലീപ്.കെ. എന്നിവരാണ് കേസന്വേഷണം നടത്തി പ്രതിയെ കണ്ടെത്തിയത്.

..............................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT